# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 295 — 12.12.2014 ലെ മറുപടി

**പ്രവാസികളുടെ നിക്ഷേപത്തിന് അധിക നികുതി ഈടാക്കുന്നത് നിമിത്തമുള്ള ബുദ്ധിമുട്ടുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രവാസി ഭാരതീയർ നിക്ഷേപിക്കുന്ന പണത്തിന് അധിക നികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ മൂലം പ്രവാസികൾ നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരുമായി പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രവാസികൾ വിദേശത്തു നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി(foreign money transfer service operator (MTSO) ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം.<br><br>ഇത്തരം നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ പ്രവാസികളുടെ ആഭ്യന്തര നിക്ഷേപ താൽപ്പര്യം കുറയാൻ സാദ്ധ്യതയുണ്ടെന്നതാണ് പ്രാഥമിക വിലയിരുത്തൽ. ആയതിനാൽ പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ ഏറ്റവും വേഗത്തിൽ പരിഹരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ? | (ബി) | പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ അതീവ പ്രാധാന്യത്തോടെയാണ് സർക്കാർ പരിഗണിക്കുന്നത്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും ആഗോള മലയാളി സംഗമങ്ങൾ നോർക്ക വകുപ്പ് സംഘടിപ്പിക്കാറുണ്ട്.<br><br>ഇത്തരം സംഗമങ്ങളിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിക്കുകയും |

| | | |
|---|---|---|
| | | അവ വിശകലനം ചെയ്ത് പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി വിനിയോഗിക്കുകയും ചെയ്യുന്നു.<br><br>പ്രവാസികളുടെ പ്രശ്നങ്ങൾക്കും അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകിയും അവ യഥാവിധി പരിഹരിക്കുന്നതിന് ഉതകും വിധവുമാണ് നോർക്ക വകുപ്പ് പ്രവർത്തിക്കുന്നത്.<br><br>കൂടാതെ വിവിധ മേഖലകളിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ അതിവേഗത്തിലുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ